പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5951 — 19.11. 2019 ൽ മറുപടിക്ക്

# ഇ-സെയ്ഫ് പദ്ധതി പ്രകാരം ബോധവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം<br>ശ്രീ. കെ.ഡി.പ്രസേനൻ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ. ജോർജ് എം.തോമസ് | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വൈദ്യുതി ഉപഭോക്താക്കളെ അതിന്റെ സുരക്ഷിത വശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വൈദ്യുതിവിതരണ പ്രസരണ മേഖലകളിൽ സുരക്ഷയ്ക്കായി എന്തെല്ലാം ആധുനികവത്ക്കരണ നടപടികളാണ് ഈപദ്ധതിപ്രകാരം സ്വീകരിച്ചിട്ടുള്ളത്; | (ബി) കേരളസർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി, വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും രൂപം നൽകിയ 'ദ്യുതി 2021' എന്ന വിതരണശൃംഖല നവീകരണ പദ്ധതിയിൽ 4036.3 കോടി രൂപയുടെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 2159 .09 കോടി രൂപയുടെ പദ്ധതികൾ വിതരണ ശൃംഖലയുടെ സുരക്ഷ വർദ്ധിപ്പിക്കുവാൻ കൂടി വേണ്ടി ലക്ഷ്യമിട്ടുള്ളതാണ്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 156.09 കോടി രൂപയുടെ 942.37 കി.മീ. HT എബിസി കണ്ടക്ടറും 240.95 കോടി രൂപയുടെ 2498 കി.മീ. LT എബിസി കണ്ടക്ടറും 242.29 കോടി രൂപയുടെ 1406.516 കി.മീ. ഭൂഗർഭകേബിളുകളും 35.173 കോടി രൂപയുടെ 228.5 കി.മീ. കവേർഡ് കണ്ടക്ടറും സ്ഥാപിക്കാനും 291.255 കോടി രൂപയ്ക്ക് 1968.325 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എബിസി കണ്ടക്ടറുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി 72.22 കോടി രൂപയ്ക്ക് 8926.6 കി.മീ. HT ലൈനും 687.27 കോടി രൂപയ്ക്ക് 160321.2 കി.മീ. LT ലൈനും റീ-കണ്ടക്ടറിംഗ് നടത്താനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും സുരക്ഷാ കാര്യങ്ങൾ | (സി) വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും സുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് വൈദ്യുത സുരക്ഷാ ട്രെയിനിംഗ് ക്ലാസ്സുകൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനമൊ |

| | |
|---|---|
| സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നത്; | ട്ടാകെ വൈദ്യുത മേഖലയിൽ ജോലി എടുക്കുന്ന സാങ്കേതിക വിദഗ്ദ്ധർ, സാധാരണ ജോലിക്കാർ, കരാർ തൊഴിലാളികൾ, വയർമാൻ/ഇലക്ട്രീഷ്യൻസ്, സൂപ്പർവൈസർമാർ എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. |
| (ഡി) ഏതെല്ലാം ഏജൻസികൾ ചേർന്നാണ് ഇ-സെയ്ഫ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ